Draft #3 of File 41442/EI1 SO/2019/AC C 1 Approved by ASSISTANT REGISTRAR III (EXAM) on 26-Oct-2019 05:22 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ബി .ടെക് വിദ്യാർത്ഥികൾക്ക് സിൻഡിക്കേറ്റ് മോഡറേഷൻ നൽകുന്നതു സംബന്ധിച്ച 30.04.2019 ലെ സിൻഡിക്കേറ്റ് യോഗതീരുമാനം പിൻവലിച്ച്, അതിൻ പ്രകാരമുള്ള സർവ്വകലാശാല ഉത്തരവ് റദ്ദ ചെയ്ത് - ഉത്തരവ്വ പുറപ്പെടുവിക്കുന്നു.

---

**പരീക്ഷാ വിഭാഗം ഐ 1 സെക്ഷൻ**

നമ്പർ. 5207/EI 1/2019/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 26.10.2019

---

പരാമർശം:-1 ) സ .ഉ.നം .2085 /EI 1/ 2019 /എം.ജി.യു. തീയതി 17.05.2019.
2 ) 24.10.2019 ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിട്സ് ഇനം നമ്പർ 1/ 19.09

**ഉത്തരവ്**

പരാമർശം (1) പ്രകാരം 30.04.2019ൽ കൂടിയ സിൻഡിക്കേറ്റ് യോഗം സർവകലാശാല നടത്തിയ ബിടെക് പരീക്ഷകളിൽ ഏതെങ്കിലും സെമെസ്റ്ററുകളിൽ ഏതെങ്കിലും ഒരു വിഷയം മാത്രം വിജയിക്കുവാനുള്ള വിദ്യാർത്ഥികൾക്ക് നിലവിൽ നൽകിയിരിക്കുന്ന മോഡറേഷനൊട്കൂടിയ മാർക്കിനു പുറമെ പരമാവധി 5 മാർക്ക് കൂടി സിൻഡിക്കേറ്റ് മോഡറേഷനായി നൽകുന്നതിനു തീരുമാനിച്ച് ഉത്തരവായിരുന്നു.

എ.പി.ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിലേക്ക് ബി.ടെക് കോഴ്സുകൾ പൂർണമായും മാറ്റപ്പെട്ടതിനാൽ ഇപ്പോൾ സർവകലാശാലയിൽ സപ്ലിമെന്ററി പരീക്ഷ എഴുതുന്നതിനുള്ള വിദ്യാർത്ഥികൾ മാത്രം അവശേഷിക്കുന്ന സാഹചര്യത്തിൽ 56 വിഷയങ്ങളിൽ 55 വിഷയങ്ങൾക്ക് ജയിക്കുകയും ഒരു വിഷയത്തിനു മാത്രം നേരിയ മാർക്കിന്റെ കുറവുകൊണ്ട് വിജയിക്കാതിരിക്കുകയും ചെയ്ത വിദ്യാർത്ഥികളുടെ യോഗ്യത പ്ലസ്ടു മാത്രമായി ചുരുങ്ങുന്ന അവസ്ഥയിലുള്ള നിരവധി ബി.ടെക് വിദ്യാർത്ഥികളുടെ ഭാവി പരിഗണിച്ചാണ് 30.04.2019ൽ കൂടിയ സിൻഡിക്കേറ്റ് യോഗം മേൽ തീരുമാനം എടുത്തത്.

എന്നാൽ സർവ്വകലാശാലയുടെ യശസ്സിനേയും കൈവരിച്ച നേട്ടങ്ങളേയും കളങ്കപ്പെടുത്തുന്ന തരത്തിൽ വസ്തുതകൾക്ക് വിരുദ്ധമായി സമൂഹത്തിൽ തെറ്റിദ്ധാരണാജനകമായ വിവരങ്ങൾ പ്രചരിക്കാൻ ഇടയായ സാഹചര്യത്തിൽ പരാമർശം (2) പ്രകാരം 24.10.2019ൽ കൂടിയ സിൻഡിക്കേറ്റ് യോഗം മേൽവിഷയത്തിൽ താഴെപറയും പ്രകാരം തീരുമാനം കൈകൊണ്ടിരിക്കുന്നു.

സർവ്വകലാശാല സിൻഡിക്കേറ്റ് 2019 ഏപ്രിൽ 30 ന് കൂടിയ യോഗത്തിൽ ഒ.എ.28/19.03 നമ്പർ പ്രകാരം എടുത്ത നയപരമായ തീരുമാനം പിൻവലിക്കുവാനും, തദനുസരണം 2019 മേയ് 17 നു പുറപ്പെടുവിച്ച ഉത്തരവ് നമ്പർ 2085/ഇ.ഐ.1/2019/എം.ജി.യു. റദ്ദുചെയ്യുവാനും തുടർ നടപടികൾ സ്വീകരിക്കുന്നതിന് രജിസ്ട്രാറെ ചുമതലപ്പെടുത്തുവാനും തീരുമാനിച്ചു. പൊതുസമൂഹത്തിനു മുൻപിൽ സർവകലാശാലയും അക്കാദമിക സമൂഹവും സംശയത്തിന്റെ നിഴലിൽ വരാതിരിക്കുവാനാണ് ഈ തീരുമാനം.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

പത്മകുമാർ പി

അസിസ്റ്റന്റ് രജിസ്ട്രാർ 3 (പരീക്ഷ)

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

പരീക്ഷ കൺട്രോളർക്ക വേണ്ടി

പകർപ്പ്

1. വൈസ് ചാൻസലർ/ പ്രൊ. വൈസ് ചാൻസലർ എന്നിവരുടെ പി.എസ്
2. രജിസ്ട്രാർ/പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.
3. ഡപ്യൂട്ടി രജിസ്ട്രാർ 2 (പരീക്ഷ)/ ഡപ്യൂട്ടി രജിസ്ട്രാർ 4 (പരീക്ഷ)
4. അസിസ്റ്റന്റ് രജിസ്ട്രാർ 3 (പരീക്ഷ)/അസിസ്റ്റന്റ് രജിസ്ട്രാർ 17 (പരീക്ഷ)
5. സിൻഡിക്കേറ്റ് സെക്ഷൻ
6. സിറ്റെക്സ് സെക്ഷൻ
7. റെക്കാർഡ്സ് സെക്ഷൻ/ സ്റ്റോക് ഫയൽ/ ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #3 of File 41442/EI1 SO/2019/AC C 1 Approved by ASSISTANT REGISTRAR III (EXAM) on 26-Oct-2019 05:22 PM - Page 2